LITTLE FLOWER HIGH SCHOOL

DIGITAL MAGAZINE

# ഉദയം



# LITTLE FLOWER HIGH SCHOOL CHEMMALAMATTOM




## *DIGITAL MAGAZINE-2019-2020*

**************

## ഉള്ളടക്കം


എഡിറ്റോറിയൽ.....5
നമ്മുടെ വിദ്യാലയം.....7
മുട്ടനാടിൻെറ ചിരി.....8
നല്ല വാക്കുകൾ.....11
യാത്രാവിവരണം.....12
അക്ഷര.....12
പരിസ്ഥിതി.....14
സംരക്ഷ◌ിക്കപ്പെടണം.....14
...സേവനമന്ത്രം .....16
*ഇുകൽ സഞ◌്ചി*.....17
കൗമാരം ലഹരിയിൽ.....18
കുഞ്ഞായി.....19
പണം ഉറക്കം കെടുത്തും.....20
കടങ്കഥ.....22
*ചങ്ക്*.....23
*ആചാരമര്യാദകൾ*.....24
*ജീവിതത്തിൽ*.....24
*ഹൃദയസ്പന്ദനം*.....26
ആകാശത്തുനിന്ന്.....32
വീണ ഒരാൾ.....32
നന്മ.....35
രക്ഷകനായ്.....39
കവിത.....41
കലാലയ ജീവീതം.....41
കണ്ണാണ്ടൻെറ ധൈര്യം.....42
മഹദ്‌വചനങ്ങൾ.....44
കുട്ടിക്കണക്ക്.....45
ചുരുളഴിയാത്ത രഹസ്യങ്ങൾ.....46
വഴിയിലെ ആത്മാവ്.....46
അമ്മുവും മിക്കവും.....49
*പ്രളയ ന◌ൊമ്പരങ്ങൾ*.....50
കൗമാരം മൂല്യങ്ങൾ ആർജ്ജിക്കേണ്ട കാലഘട്ടം.....51
*കൊട്ടുള്ളിക്കാവിന്റെ പൂരം*.....52
യാത്രാവിവരണം.....54
മഴ വന്നേ മഴ.....57

മരം വെട്ടല്ലേ..........58
വിമർശനങ്ങൾ ഒഴിവാക്കുക..........59
ഒരു ക്രിസ്തുമസ് രാത്രി..........60
കഥ..........62
കുകിതത്തമ്മയും കുട്ടൻതവളയും..........62
കുടിനീർ..........64
അഷ്ലി..........64
അച്ഛന്റെ കൂടെ..........65
പണക്കാരന്റെ അഹങ്കാരം..........66
ഗുരുനാഥൻ..........68
സഞ്ചി വേണ്ട..........70
പണം മതി....!..........70
നിലാവേ..........72
"ക്രിസ്തുമസ് ട്രീ-ജീവന്റെ വൃക്ഷം..........73
പുണ്യ വിദ്യാലയം..........74
ഉത്തരം കണ്ടുപിടിക്കാമോ?..........75
ഇതു ഒരു പെൺകുട്ടിയുടെ പേരാണ്..........75

# എഡിറ്റോറിയൽ

വിജ്ഞാനം സമാർജ്ജിക്കുക മനുഷ്യവ്യക്തിയെ സംബന്ധിച്ചിടത്തോളം അപരിത്യാജ്യമായ കാര്യമാണ്. ഈ അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം ആർജ്ജിക്കേണ്ടതാണെന്ന തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റി മറിച്ചു. വിവരവിനിമയ സാങ്കേതികവിദ്യ ആ രംഗത്ത് വിസ്ഫോടനങ്ങൾ തന്നെ സൃഷ്ടിച്ചിരിക്കുന്നു.ഈ സാങ്കേതികവിദ്യകൾ കരഗതമാക്കുന്നതിനും , അങ്ങനെ പ്രായോഗിക ജീവിതത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി വിദ്യാലയങ്ങളിൽ ആരംഭിച്ച പദ്ധതിയാണ് 'ലിറ്റിൽ കൈറ്റ്സ് '.

കമ്പ്യൂട്ടറിൽ വിവരങ്ങൾ ശേഖരിക്കാനും അവ പങ്കുവയ്ക്കാനും ഭാഷ കമ്പ്യൂട്ടിങ്ങിൽ അവബോധം നേടേണ്ടിയിരിക്കുന്നു. അക്ഷരനിവേശനത്തിന്റെ ആധുനികരൂപങ്ങളിൽ അവഗാഹം നേടുന്നതിനു വേണ്ടി, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ

ഡിജിറ്റൽ മാഗസിൻ - "ഉദയം"

*നിങ്ങൾക്കായി സമർപ്പിക്കുന്നു.*

# എഡിറ്റോറിയൽ ബോർഡ്

1.പോൾ തോമസ്സ് [ഹെഡ് മാസ്റ്റർ]

2.സോണിയ പോൾ

3.ദീപ ജോർജ്ജ്

4.ബിജി സെബാസ്റ്റ്യൻ

5.അമൽ സണ്ണി

6.ആൽബിൻ മാത്യൂസ്

7.ഫെനെ.എം.ഫിലിപ്പ്

8.അക്ഷര.വി.രാജേഷ്

9.ഗൗരിനന്ദ.ബി

10.സോന റ്റോമി

# നമ്മുടെ വിദ്യാലയം

ആയിരങ്ങൾക്ക് അക്ഷരവെളിച്ചത്തിൻെറ ഉജ്ജ്വല ശോഭപകർന്നു നൽകി, ചെമ്മലമറ്റം ഗ്രാമത്തിന് അഭിമാനമായി നിലകൊള്ളുന്ന സരസ്വതീക്ഷേത്രമാണ് ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ. ചെമ്മലമറ്റം ഇടവകയിലെ പൂർവ്വകാലവൈദിക ശ്രേഷ്ഠരുടെയും ജനങ്ങളുടെയും ദീർഘവീക്ഷണവും സഹകണ മനോഭാവവുമാണ്ഈ സ്കൂളിൻെറ രൂപീകരണത്തിനുംനാളിതുവരെയുളള പുരോഗതിക്കും അടിസ്ഥാനശിലയായിമാറിയത് .1926-ൽ ബഹു. പറയിടത്തിൽ യൗസേപ്പച്ചൻെറ നേതൃത്വത്തിലാണ് പ്രൈമറി സ്കൂൾ എന്ന നിലയിൽ ഈ വിദ്യലയം പ്രവർത്തനമാരംഭിച്ചത്.

ബഹുമാനപ്പെട്ട ജോസഫ് പടന്നമാക്കലച്ചൻെറ ശ്രമഫലമായി 1979-ൽ യു.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചു. ബഹുമാനപ്പെട്ട വെട്ടിക്കൽ തോമസച്ചൻ മാനേജരായിന്ന കാലത്ത്,1983 ജൂൺ മാസത്തിൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സമാന്തര ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

ഈരാറ്റുപേട്ട-കാഞ്ഞിരപ്പള്ളി റോഡിൽ പ്രൗഢിയോടെ ശിരസ്സുയർത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയം അറിവിൻെറ വെളിച്ചവും അക്ഷരവിദ്യയും തലമുറകൾക്ക് നിർലോഭം പകർന്നു നൽകിക്കൊ ണ്ടിരിക്കുയാണ്.ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ ആയിരത്തിലേറെ വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. എസ്.എസ്.എൽ.സി. പരീക്ഷയിൽ തുടർച്ചയായി 100%വിജയം ലഭിച്ചുകൊണ്ടിരിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. നമ്മുടെ വിദ്യാലയം ചെമ്മലമറ്റം ഗ്രാമത്തിൻെറ തിലകക്കുറിയായി നിലനിൽക്കുന്നതിൽ നമുക്ക് അഭിമാനിക്കാം.

# മുട്ടനാടിൻെറ ചിരി

*ജിജോ ജോസഫ്, കട്ടുത്തുരുത്തി*

ഞാൻ ആട്ടിൻകുഞ്ഞിനോട് പറഞ്ഞു:

"നിന്നെ ഇറച്ചിക്ക് വേണ്ടിയാണ്

വളർത്തുന്നത്."ആട്ടിൻകുഞ്ഞ് ഒന്നുചിരിച്ചു.അത്

ചിരിച്ചതെന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല

നീ മുട്ടനാടായിപ്പോയത് എന്റെ കുഴപ്പമാണോ ?"

വെള്ളം കലക്കികൊടുക്കുമ്പോൾ ഞാൻ ചോദിച്ചു .

അപ്പോൾ ആട്ടിൻകുഞ്ഞ്തലയുയർത്തി നോക്കി മോണ കാട്ടി

ചിരിച്ചു . പ്ലാവില നട്ടുവെകീറി വായിലേക്ക് വെച്ചു

കൊടുക്കുമ്പോൾ അറിയാതെ പറഞ്ഞുപോയി.

"നീ ഒരു പെണ്ണാടായിരുന്നെങ്കിൽ കൊല്ലാൻ

കൊടുക്കില്ലായിരുന്നു...." ചെവിയിലെ ചെള്ളിനെ പറിച്ചു

കൊന്നു കളയുമ്പോൾ സുഖം കൊണ്ടെന്നപോലെ അവൻ

ദേഹത്തിനോട് ചേർന്ന് ഉരസിനിന്നു.

അപ്പോൾ അറിയാതെ ഞാൻ പറഞ്ഞുപോയി."കൂടുതൽ

സ്നേഹം കാണിക്കണ്ട,പിന്നീട് വളരെ ദുഃഖിക്കേണ്ടിവരും".

ഞാൻ കിടക്കുമ്പോൾ അവൻ കട്ടിലിൽ

ചാടിക്കേറാറുണ്ട്.കട്ടിലിൽ മുള്ളാൻ സമ്മതിക്കാതെ

ഓടിക്കുമ്പോൾ മനസ്സമന്ത്രിക്കും.

“ഇതൊന്നും അധികം നാളില്ല.”

അത് കേട്ടിട്ടെന്നപോലെ ഓട്ടുന്നതിനിടയിൽ അവൻ എന്നെ

നോക്കി ചിരിക്കും.

അപ്പോഴൊക്കെ ഞാൻ ഓർക്കും സാധാരണ ആട്

ചിരിക്കാറില്ലല്ലോ എന്ന്.

കുറച്ച് വളർന്നപ്പോൾ അവൻ കൊമ്പ് വെച്ച് എൻെറ ദേഹത്ത്

ഉരസി തുടങ്ങി.ചിലപ്പോൾ താലോലിച്ച് ഇടിക്കാൻ നോക്കും.

പക്ഷെ അപ്പോഴും അവൻ ചിരിക്കും.

എന്താണ് അവനെ പോലെ എനിക്കു സന്തോഷിക്കാൻ

കഴിയാത്തതെന്ന് പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്.

ഒരിക്കൽ കൊമ്പിൽ പിടിച്ചുകൊണ്ട് ഈ കാര്യം അവനോട്

തന്നെ ഞാൻ ചോദിച്ചു.

അപ്പോഴും അവൻ ചിരിക്കുകയേയുള്ളൂ.

അവസാനം അവൻെറ മുമ്പിൽവച്ച് വിലപേശൽ നടക്കുമ്പോൾ

അവൻ ഉറക്കെ ചിരിച്ചു.

കയറു മാറി കൊണ്ടുപോകുമ്പോൾ അവൻെറ കണ്ണ് എൻെറ

പോക്കറ്റിലായിരുന്നു.അത് നിറഞ്ഞിരുന്നു.

കയറിൽ വലിച്ചിഴച്ച് കൊണ്ടുപോകുമ്പോഴും അവൻ എന്നെ

നോക്കി ചിരിച്ചു .

ഒടുവിൽ ആത്മാവ് ശരീരത്തിൽ നിന്ന് അകലുമ്പോഴും

അവൻ ചിരിച്ചതായി ആരോ പറയുന്നത് ഞാൻ കേട്ടു.

പക്ഷെ ആ ചിരി കരച്ചിലായിരുന്നു..........................

****************************************

********************************

*************************

# നല്ല വാക്കുകൾ

ജിബിൻ

നൻമകൾ നിറയും വാക്കുകളെല്ലാം
പൂവുകളായി മാറുന്നു.
തിന്മകൾ നിറയും വാക്കുകൾ എല്ലാം
പുഴുക്കളായിതീരുന്നു.
പ്രാർത്ഥന നിറയും വാക്കുകളെല്ലാം
അനുഗ്രഹമാരി ചൊരിഞ്ഞീടും .
സ്നേഹം നിറയും വാക്കുകളാലെ
പൂവനമാകും ഭൂലോകം
ജീവൻ ചൊരിയും വാക്കുകളാലെ
ജീവസ്സേകാം തോഴർക്ക്
മോദം പകരും വാക്കുകളാലേ
മോഹനമാക്കാം ഭവനങ്ങൾ
ഉണർവ്വുപകരും വാക്കുകളാലേ
ഉത്സാഹത്തിൻ ഉന്മേഷം
ഉയിരും നിറയും വാക്കുകളാലെ
ഉല്ലാസത്തിൻ തിരിവെട്ടം
തേനിൻ മധുരം വാക്കിൽചേർത്ത്
ചേതന സുന്ദരമാക്കീടാം
പാവനമാകും വാക്കുകൾ ചൊല്ലി
പാരിനു ചാരുത നൽകീടാം.....

******************************

# യാത്രാവിവരണം

**അക്ഷര**

14/01/2020 ഈ ദിവസം മുതൽ 18/01/2020 വരെ ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷങ്ങളായിരുന്നു. ഞാനും എന്റെ പ്രയപ്പെട്ട കൂട്ടുകാരും ഒത്തിരി ആഗ്രഹിച്ച നിമിഷങ്ങളാണ് ഉണ്ടായത്.പതിനാലാം തീയതി ചൊവാഴ്ച വൈകിട്ട് 6:00 pm ആയപ്പോഴേക്കും ഞങ്ങൾ യാത്ര തിരിച്ചു. മൈസൂർ,ഊട്ടി എന്നി സ്ഥലങ്ങളിലേക്കാണ് ഞങ്ങൾ പോകുന്നത്.  ഞങ്ങളോടൊപ്പം ഞങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകരും ഉണ്ടായിരുന്നു. ഞങ്ങൾ അഭിനവ് എന്ന അതി ഗംഭീരമായ ബസ്സിലാണ് യാത്ര ചെയ്യുതത്.ആദ്യം പ്രാർത്ഥനയോടെയാണ് യാത്ര ആരംഭിച്ചത്. കുറച്ച് കഴിഞ്ഞപ്പോൾ പാട്ടിട്ടു.ആദ്യം ഞങ്ങൾക്ക് പാട്ടിനനുസരിച്ച് ഡാൻസ് കളിക്കാൻ മടിയായിരുന്നു.പിന്നിട് എല്ലാവരും  കളിക്കാൻ ഇറങ്ങി. ആ രാത്രി മുഴുവൻ ഞങ്ങൾ പാട്ടുകളുടെയും ഡാൻസുകളുടെയും ലോകത്തായിരുന്നു.ആ രാത്രി ഞങ്ങളാരും ഉറങ്ങിയില്ല.പിറ്റേ ദിവസം വെളുപ്പിനെ ഞങ്ങൾ തമിഴ്നാട് ബോഡറിൽ നിന്ന് കർണ്ണാടകയിലേക്ക് എത്തി.കർണ്ണാടക വനവാസമേഘലയായതിനാൽ 6:00 മണിക്ക് ശേഷമേ വണ്ടികടത്തിവിടുകയുള്ളു.അതുകൊണ്ടുതന്നെ ഞങ്ങൾ 4:30 മുതൽ 6:00 വരെ ചുറ്റിക്കറങ്ങിനടന്നു.നല്ല കുളിര് കുളിർപ്പിക്കുന്ന തണുപ്പായിരുന്നു. തണുപ്പ് അകറ്റാൻവേണ്ടി ചായ കുടിച്ചു. അതിനുശേഷം  ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി.പോകുന്നവഴി മുഴുവനും കാടായതിനാൽ അദ്ധ്യാപകർ പറഞ്ഞു ; കാട്ടിലെ വന്യമൃഗങ്ങളെ നിരീക്ഷിക്കാൻ.ഞങ്ങൾ പല മൃഗങ്ങളെയും കണ്ടു.7:30 ആയപ്പോഴേക്കും ഞങ്ങൾ മുറിയിൽ എത്തി.എല്ലാവരും തയ്യാർ ആയി.പിന്നിട് ഞങ്ങൾ പ്രഭാത ഭക്ഷണം കഴിക്കാൻ കയറി. അതിനു ശേഷം അതി മനോഹരമായ zoo വിലേക്ക്  പ്രവേശിച്ചു.അവിടെ ഞങ്ങൾ മണിക്കുറുകളോളം ചിലവഴിച്ചു. പിന്നീട് ഞങ്ങൾ ടിപ്പുവിന്റെ  കോട്ടയിൽ കയറി. അവിടെനിന്നു ഞങ്ങൾ വൃന്താവൻ         പൂന്തോട്ടത്തിൽ പോയി.രാത്രിയായപ്പോൾ water dance കണ്ടു മടങ്ങി.അടുത്ത ദിവസം ഞങ്ങൾ സെന്റ് ഫിലോമിനാസ് ചർച്ച് കണ്ടു. പിന്നീട് ഞങ്ങൾ മൈസൂർ പാലസ് സന്ദർശിച്ചു.പാലസിന്റെ അടുത്തുള്ള അമ്പലത്തിൽ പോയി.അതിനുശേഷം പക്ഷിസന്ദർശനകേന്ദ്രത്തിൽ പോയി.പിന്നീട് ഞങ്ങൾ ചാമുണ്ഡേശ്വരി മലയിൽ പോയി അവിടെ മഹിഷാസുരൻയെന്ന ആളുടെ പ്രതിമ കണ്ടു.പിന്നീട്  group photo എടുത്തു. പിറ്റെ ദിവസം ഊട്ടിയിലേക്കാണ് പോയത്

അതുകൊണ്ടുതന്നെ ഞങ്ങൾ നേരത്തെ എണീറ്റു.തണുത്തു വിറച്ചാണ് ഞങ്ങൾ പോയത്.ഊട്ടിയിൽ എത്തി അവിടയുള്ള chocolate factory-യിൽ പോയി.തടാകത്തിൽ പോയി. രാത്രിയിൽ camp fire ഉണ്ടായിരുന്നു. ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത രാത്രിയായിരുന്നു അത്.അങ്ങനെ ഞങ്ങളുടെ യാത്ര അവസാനിച്ചു.........................

# പരിസ്ഥിതി

# സംരക്ഷിക്കപ്പെടണം

**ഹെന്ന**



*എന്തുകൊണ്ട് നാം അധിവസിക്കുന്ന ഭൂമി മലിനമാക്കപ്പെടുന്നുവെന്ന ചോദ്യത്തിന് മനുഷ്യന്റെ*

മനസ്സിലെ മാലിന്യം പ്രകൃതിയിലേക്കു വ്യാപിക്കുന്നു എന്നതാണ് ഉത്തരം ആർത്തിയും ദുരാശയും സുഖേച്ഛയും സ്വർത്ഥതയും വിദ്വേഷവും മാത്സര്യവും കുത്തിനിറയ്ക്കപ്പെട്ട ഹൃദയത്തിൽനിന്ന് സത്കർമ്മങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. മലകൾ പൊട്ടിച്ച കല്ലും മെറ്റലും പാറപ്പോടിയുമെല്ലാം മുപയോഗിച്ച് വലിയ സൗധങ്ങൾ പണിതുകൂട്ടാൻ അത്യാർത്ഥിയുള്ളിടത്ത് മലകൾ

മാത്രമല്ല, പർവതങ്ങൾതന്നെയും ഇല്ലാതാകാം.പ്രകൃ-യിതിലെ പാരസ്പര്യനിയമം ലംഘിച്ചുകൊണ്ടുള്ള നിർമാണ പ്രവർത്തനങ്ങളെ "വികസനം" എന്നല്ല , "വിഘാതം" എന്നാണ് വിശേഷിപ്പിക്കേണ്ടത്. നമ്മുടെ നദികളും, പുഴകളും മണലൂറ്റം, മലിനീകരണങ്ങളും വഴി മരിച്ചുകൊണ്ടിരിക്കുന്നതും ഗുരുതരമായ പരിസ്ഥിതി പ്രശ്നമാണ് കൂടുതൽ ദുഷ്കരമാകും.

" പരിസ്ഥിതി സംരക്ഷണം

ജീവന രക്ഷണം"

# ...സേവനമന്ത്രം ...

അബിമന്യു

പാട്ടും കിളിൾ പത്തായങ്ങളിൽ
അളന്നുകൂട്ടാറില്ലല്ലോ
പങ്കുവെച്ചും പകുത്തുവെച്ചും
വഴക്കുകൂടാറില്ലല്ലോ
കിട്ടും വകയിൽ തൃപ്തിയടഞ്ഞവർ
കഴിഞ്ഞു കൂടാറുണ്ടല്ലോ
കിട്ടാത്തതിനെ  ഓർത്തിട്ടൊട്ടും
വിലപിച്ചീടാറില്ലല്ലോ
മാനവർ നമ്മൾക്കെന്തേ മണ്ണിൽ
സ്നേഹത്തോടെ കഴിഞ്ഞുടാ
ആതുരസേവനമന്ത്രം പാടി
അവനിയിലൊത്തു വസിച്ചൂടാ.

# തുകൽ സഞ്ചി

ഫൈന

നഗരവഴിതൻ നടുവിലൂടതാ ഒരാൾ-

തൻ തോളിൽ ഭാരമേറും-

തുകൽ സഞ്ചിയും തൂക്കി-

മന്ദം മന്ദം നടന്നു നീങ്ങുന്നു.

അയാൾ ഇടറിയ സ്വരത്താൽ-

എന്തോ അലറും രീതിയിൽ പറയുന്നു.

സഞ്ചി വേണോ സഞ്ചി.

ഉച്ചതൻ ആഘാതമേറ്റും പോരിവെയിൽ

അയാൾ തൻ  ശബ്ദവും പാദവും

ഇടറുന്നതാക്കിമാറ്റി.

കാലത്തിൻ കഷ്ടത അയാൾ-

തൻ പാദങ്ങൾ ഇടറിച്ചു-

വെങ്കിലും ഇടറില്ല അയാൾ-

തൻ മനസൊരുനാളും.

കുടുംബസ്നേഹവും പ്രാണനോടുള്ള കൂറും-

മയാൾ തൻ മനസ്സിനെ ബലമുള്ള-

താക്കിതീർക്കുന്നു.

# കൗമാരം ലഹരിയിൽ

അമൽ

*കൗമാരക്കാർ വഴിതെറ്റുകയാണ്. ചീത്തക്കൂട്ടുകെട്ടിൽ കുരുങ്ങി ലഹരിക്കടിമപ്പെടുകയാണ്. ചൂയിംഗമായും പാനീയമായും ലഹരിയെന്ന മായപൊൻമാൻ പതുങ്ങിനിൽപ്പുണ്ട്. കൗമാര ക്കാരെ പിടികൂടാൻ കൺമഷി, ലിപ്സ്റ്റിക്ക് എന്നിവയിലെല്ലാം ഇന്ന് ലഹരി അടങ്ങിയിട്ടുണ്ട്. യൂണിഫോമിട്ട വിദ്യാർത്ഥികൾ കാശിനുവേണ്ടി പണിയെടുക്കുന്നുണ്ട് എന്നത് മാധ്യമങ്ങൾ നിരത്തിവയ്ക്കുന്ന നേർസാക്ഷ്യങ്ങളാണ്. സ്കൂളുകളിൽ അധ്യാപകർ വിദ്യാർത്ഥികളെ ശ്രദ്ധിക്കേണ്ടതുണ്ട്. പഠന പാഠ്യേതര വിഷയങ്ങളിലെ താൽപര്യക്കുറവും മറ്റ് തിരിച്ചറി ഞ്ഞ് അവരെ തിരിച്ചുപിടിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം. ഒരു ചെറിയ അശ്രദ്ധമതി കൗമാരക്കാർ ലഹരിയുടെ വലക്കണ്ണികളിൽ കുരുങ്ങാൻ.*

*******************************

*************************

*****************

# കുഞ്ഞായി

**അജയ്**

*എട്ടും പൊട്ടും തിരിയാതങ്ങനെ*
*ഞെട്ടിവിറയ്ക്കും കുഞ്ഞായി,,*
*പൊട്ടിയതൊരു കതിനാവെടിയാണെ-*
*ന്നൊട്ടുമറിഞ്ഞില്ലെന്നാണോ?*
*മണ്ടച്ചാരെ, പേടിച്ചെന്തിനു*
*കുട്ടക്കീഴിലൊളിച്ചു നീ ?*
*കുരുന്നുകൾപോലും പൊട്ടിച്ചിരിയുടെ*
*കെട്ടുകൾ പൊട്ടിച്ചോടുമ്പോൾ*
*എട്ടും പൊട്ടും തിരിയാതിവനൊരു*
*കുട്ടക്കീഴിലൊളിച്ചല്ലോ.......!*

*******************

***************

# പണം ഉറക്കം കെടുത്തും

അമൽ

ഒരിടത്ത് ധനികനും ചെരുപ്പുക്കുത്തിയും

ഉണ്ടായിരുന്നു. ധനികന് ഒരു ദിവസം ഉറക്കം

വന്നില്ല. അതേസമയം ചെരുപ്പുക്കുത്തി സുഖമായി ഉറങ്ങുന്നത്

കണ്ടു. അയാൾക്കത് സഹിച്ചില്ല. അയാൾ ആ-

ലോചിച്ചു. ഇത്രമാത്രം പണമുണ്ടായിട്ടും എന്തുകൊണ്ടാണ്

തനിക്ക് ഉറക്കം വരാത്തതെന്ന്. അങ്ങനെ അയാൾ

ചെരുപ്പുക്ക- ത്തിക്ക് പണം കൊടുക്കാൻ തീരുമാനിച്ചു

പിറ്റേ ദിവസം ചെരുപ്പുക്കുത്തിയുടെ അടുത്ത് ധനികൻ

ചെന്നു, ചെന്നിട്ട് അയാളോട് ചോദിച്ചു. താങ്കൾക്ക് ദിവസം

എത്ര രൂപ കിട്ടും? അയാൾ പറഞ്ഞു. നൂറ് രൂപ സർ. എന്ത്!

നൂറ് രൂപയൊ. ധനികൻ അത്ഭുതപ്പെട്ടു. അന്ന് രാത്രിയിൽ

അയാൾ കുറേ ചിന്തിച്ചു. അടുത്ത ദിവസം ചെറുപ്പക്കാത്തിയുടെ അടുത്ത്ചെന്ന് അയാൾ ഒരു ലക്ഷം രൂപ കൊടുത്തു. ചെറുപ്പകാത്തിക്ക് വളരെ സന്തോഷമായി.

അന്ന് രാത്രിയിൽ അയാൾക്കും ഉറക്കം വന്നില്ല. അയാൾ പണത്തിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്നു. അടുത്ത ദിവസം ധനികന്റെ അടുത്ത് ചെന്ന് പണം തിരിചേൽപ്പിച്ചു.

എന്നിട്ട് പറഞ്ഞു. സർ, എനിക്ക് ഇത് വേണ്ട. എനിക്ക് എന്റെ നൂറു രൂപ മതി. ഒരു കാര്യം മനസ്സിലാക്കണം. പണം നമ്മുടെ ഉറക്കം കെടുത്തും.

*************************

**************

**********

# കടങ്കഥ

*ഐവാൻ*

1. ഞെട്ടില്ലവട്ടയില - പപ്പടം

2. കാളകിടക്കും കയർ ഓടും - മത്തങ്ങ

3. മുറ്റത്തെ ചെപ്പിന് അടപ്പില്ല - കിണർ

4. വളയാപുളയൻ ചന്തക്ക് പോയി - പുക

5. ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് - ചൂൽ

6. നഖം ഉണ്ട് വിരൽ ഇല്ല - ആന

7. അമ്മ കറുംബി മകളുവെളുംബി മകളുടെമകള്

സുന്ദരികോത - വെള്ളിലാവള്ളി

8. ഉരുട്ടാം പിരടാം എടുക്കാൻ പറ്റില്ല - കൃഷ്ണമണി

---

# ചങ്ക്

***തോമസ്സുകുട്ടി***

എല്ലാവർക്കും ഓർക്കാൻ സ്കൂൾ ജീവിതത്തിൽ എന്തെങ്കിലും ഉണ്ടാകും പാച്ചുവിനുണ്ടായ ഒരു അനുഭവം.ഒരു ദിവസം 'പാച്ചു ' സ്കൂളിൽ പോകുന്ന വഴിക്ക് മൃഗങ്ങളെ വിൽക്കുന്ന കടയിൽ നിന്ന് ഒരു മുയലിനെ വാങ്ങി ,അവൻ അതിന് 'മൊട്ടു' എന്ന് പേരിട്ടു.സ്കൂളിൽ കൊണ്ടുപോ യി.'കട്ടർ' എന്ന ഒരു കുട്ടി

നിരന്തരം വികൃതി കാട്ടികൊണ്ടിരുന്നു.
ക്ലാസ്സിൽ കയറിയുട നെ അവൻ മൊട്ടുവിനെ
തട്ടി പറിക്കാൻ ശ്രമിച്ചു. പെട്ടെന്ന്
പാച്ചുവിൻെറ കൂട്ടുകാരായ മിക്കുവും തങ്കുവും
കൂട്ടുനമൊക്കെ രക്ഷിക്കാനായി
ഓടിയെത്തി,എന്നിട്ട് കട്ടറിനെ
വാരിക്കളത്തി. കൂട്ടുകാരുടെ വിലമനസ്സിലാക്കി.
പിന്നീട് കൂട്ടുകാർ അറിയാത്ത ഒരു
രഹസ്യവും അവന് ഉണ്ടായിരുന്നില്ല.

# ആചാരമര്യാദകൾ

# ജീവിതത്തിൽ

## ഫെന

മാന്യമായ പെരുമാറ്റവും മാന്യമായ സംസാരരീതിയും ആർക്കും സന്തോഷം ജനിപ്പിക്കുന്നതും ആരാലും ആകർഷി ക്കപ്പെടുന്നതുമാണ് മാന്യതയും മര്യാദയും ഒരുവനിൽ ഒറ്റ ദിവസം കൊണ്ട് ഉണ്ടാവുന്നതല്ല. ഒരാൾ ജീവിത മര്യാദകൾ ആദ്യമായി പഠിക്കേണ്ടത് അയാളുടെ കുടുംബത്തിൽ നിന്നാണ്. അതു പഠിപ്പിക്കുന്ന ഗുരുഭൂതന്മാർ അയാളുടെ മാതാപിതാക്കന്മാരുമാണ്. അടുത്ത തലമുറയ്ക്ക് ആചാര

മര്യാദകൾ പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്വം കുടുംബത്തിലെ മുതിർന്നവർക്കുണ്ട്. ആചാരമര്യാദകൾ പാലിച്ചു ജീവിക്കുക എന്നത് യാഥാർത്ഥ സ്വാതന്ത്ര്യ ത്തിന്റെ ആഘോഷമാണ്. നമുക്കിഷ്ടമില്ലാത്ത പെരുമാറ്റം നാം മറ്റുള്ളവരോടും ചെയ്യാതിരിക്കുക എന്നത് ഒരു സാമാന്യനീതിയാണ്. ആചാരമര്യാദയോടെ സംസാരിക്കു കയും പെരുമാറുകയും ചെയ്യുമ്പോൾ നമുക്ക് സാമൂഹിക-ചുമതലയെക്കുറിച്ചും പൗരധർമത്തെകുറിച്ചും തിരിച്ചറി

വുണ്ടാകുന്നു . ആചാരമര്യാദകളാകുന്ന മുഖകണ്ണാടിയിലൂടെ , നമ്മുടെ സ്വാർത്ഥത നിറഞ്ഞ ശീലങ്ങളും മറ്റു ദുഃശീലങ്ങ ളും മാന്യമായ വ്യക്തിത്വം വളർത്തി എടുക്കുവാനും സാധിക്കുന്നു.

# ഹൃദയസ്പന്ദനം.....

ആഷ്‌ലിൻ

*ചേറിന്റെ ഗന്ധം കലർന്ന ഗ്രാമത്തിന്റെ വീഥികളിലൂടെ  ഞാൻ നിർത്താതെ ഓടുകയാണ്.കയ്യിൽ അമർത്തിപിടിച്ച തിളങ്ങുന്ന മുത്തുകളുള്ള ആ മാല ഞാൻ ഇടയ്ക്കിടെ നോക്കുന്നുണ്ടായിരുന്നു.*

*മുറിയിൽ കയറി കട്ടിലിലേക്ക് ഞാൻ വീണുപോയി.എന്റെ ചുരുട്ടിപിടിച്ച കൈ അമ്മയ്ക്ക് മുമ്പിലേക്ക് നീട്ടി.*

*"എന്താടാ കുട്ടാ ഇത് ?".അമ്മ എന്റെ കവിളിൽ ചെറുതായൊന്ന് നുള്ളി.അമ്മ ഇപ്പോൾ സദാ കട്ടിലിൽ   തന്നെയാണ്.ബെഡ് റെസ്റ്റ് ആണെന്നാ പപ്പാ  പറ-ഞ്ഞത്.എന്റെ വാവ വരാൻ ഇനി 3 മാസമേയുള്ളൂ.*

*"അമ്മേ,ഇതെന്റെ വാവയ്ക്കാ,മുത്തുമാലയാ."അമ്മയുടെ കണ്ണിൽ നക്ഷത്രത്തിളക്കം.അമ്മയ്ക്ക് അതൊരുപാട് ഇഷ്ടമായി.ആ മാല എന്റെ കൈയ്യിൽ വച്ചുതരുമ്പോൾ അമ്മയുടെ കൺകോണിലെവിടെയോ ഒരു നനവ്*

പടർന്നിരുന്നില്ലേ.എനിക്ക്
തോന്നിയതാവും.കുഞ്ഞാവയുടെ കാര്യം
പറയുമ്പോഴെല്ലാം അമ്മയും പപ്പയും
സങ്കടപ്പെടാറുണ്ട്.എന്തിനാ
സങ്കടം.സന്തോഷിക്കുവല്ലേ
വേണ്ടത്.കുഞ്ഞുവളകൾക്കും
പൊട്ടുകൾക്കുമിടയിൽ ഞാനാമാല വച്ചു.

സ്കൂളിൽ ഇരുന്നപ്പോൾ എന്റെ മനസ്സുനിറയെ
എന്റെ വാവയായിരുന്നു.വാവ,മോന്റെ കൂടെ
കൂട്ടുകൂടാൻ  താമസിക്കാതെ വരുമെന്ന് അമ്മ
പറഞ്ഞിട്ടുണ്ട്.നാളെ ശനിയാഴ്ച്ചയാണ്.പപ്പ
വന്നിട്ടുവേണം വാവയ്ക്കൊരു തൊട്ടി
കെട്ടാൻ.എന്റെ മുറിയിൽ മതി.അതാവുമ്പോ
എനിക്കവളെ എപ്പോഴും കാണാല്ലോ.അവൾ
വലതാവുമ്പോ ഞാനവളെ സ്കൂളിൽ
കൊണ്ടാക്കും.ഞാനവളുടെ
ചേട്ടനല്ലെ.ഇതൊക്കെ ഞാനല്ലേ ചെയ്യേണ്ടത്.

അന്ന് പതിവ്പോലെ പോസ്റ്റിനോട് ചോദ്യം
ചോദിച്ചും,ഹോംർക്ക് ചെയ്യാത്ത ചെടികൾക്ക്
അടികൊടുത്തും ഞാൻ വീട്ടിലോട്ട്
പോയി.വീട്ടിൽ ചെന്നപ്പോൾ ആകെ ജഗ
പൊഗ.എന്നെ കണ്ടപ്പോൾ മുത്തശ്ശി അടുത്തു
വന്നു .കയ്യും കാലും കഴുകിവരാൻ

പറഞ്ഞു.ഞാൻ വന്നപ്പോഴേക്കും കാപ്പി എടുത്തു വച്ചിരുന്നു.

“അമ്മയെവിടെ”എന്റെ ചോദ്യം ചോദിചോദ്യംകേട്ട് മുത്തശ്ശി വിങ്ങാൻ തുടങ്ങി.വാർദ്ധക്യത്തിന്റെ ചുളിവുകൾവീണ ചുണ്ടുകൾ വിതുമ്പുന്നു.കണ്ണുകൾ നിറഞ്ഞൊഴുകുന്നു.

“അമ്മ ആശുപത്രിയിലാടാ.വാവയ്ക്കും അമ്മയ്ക്കും വാവു വരാതിരിക്കാൻ പ്രാർത്ഥിക്ക്.”

ആശുപത്രിയുടെ നീണ്ടവരാന്തയുടെ മൂലയിൽ പപ്പ ഇരിപ്പുണ്ടായിരുന്നു.കൊന്ത ഉരുട്ടികൊണ്ട് പപ്പ എന്തൊ  പിറുപിറുക്കുന്നു.എല്ലാവരുടെയും മുഖത്ത് എന്തോ പേടി.ഞാൻ പപ്പയുടെ മടിയിലേക്ക് ചാടിക്കയറി.ഡോക്ടർമാരും നേഴ്സുമാരും ഓപറേഷൻ തിയേറ്ററിലേക്ക് കയറുന്നുണ്ട്.ചിലർ ഇറങ്ങുന്നുമുണ്ട്.ആരുടെ കയ്യിലും എന്റെ  വാവയില്ല.

“മോനേ”.പപ്പയുടെ സ്വരത്തിൽ ഒരു ദയനീയത,ഇടർച്ച.ഞാൻ തലയുയർത്തിനോക്കി.

"മോനേ കുഞ്ഞാവയുണ്ടാവുമ്പോൾ ചിലപ്പോൾ മമ്മി നമ്മുടെ കൂടെയുണ്ടാവില്ല എന്നാ

ഇവരൊക്കെ പറയുന്നേ.മോൻ മമ്മിക്ക് വേണ്ടി പ്രാർത്ഥിക്കണം.കേട്ടോ."

പാതിമുറിഞ്ഞ വാക്കുകളിൽ പപ്പ ഇത് പറഞ്ഞപ്പോൾ സങ്കടത്തിന്റെ,സങ്കർഷത്തിന്റെ ഒരു കൊടുങ്കാറ്റ് ആ മനസ്സിൽ ആഞ്ഞടിക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി.

***************************

********************

************

കവിത

# കഴുകന്റെ കണ്ണും നഖങ്ങളും

ലക്ഷ്മി

ആഴ്ന്നിറങ്ങുന്ന കാലചക്രത്തിൻ  നെഞ്ചിൽ

 കഴുകന്റെ കണ്ണും നഖങ്ങളും.

കൂർത്ത ചുണ്ടുകൾ കൊത്തിപ്പറിക്കുന്ന

മാംസദാഹം മണകേകം വട്ടുക്കളിൽ.

ചോരചിന്തി മുറിഞ്ഞ ഹൃദയത്തിൻ

നേർത്ത തേങ്ങലിൻ മീതെ നിൻ ചിറകടി.

ഘോരഘോരം മുഴങ്ങുമ്പോൾ,താങ്ങുവാൻ

കാലം കാത്ത കരുത്തെല്ലാം ചോർന്നുപോയി.

അമ്മ നെഞ്ചോട് ചേർത്ത പെൺകിടാവല്ലേ...!

നീയുഗ്രമാം നഖം കോർത്തു വലിച്ചവൾ.

മാനം പോയി മുഖം പൊത്തി വിതുമ്പുന്നു..!

കെട്ടക്കാലമേ നിനക്കേതും നെറിയില്ലേ..?

പെട്ടുപോയി നരൻ വേരറ്റ ധർമ്മത്തി-

ന്നുഗ്രക്രോധം നരക്കും വിഷത്തണൽ.

മെത്തയിൽ ലോഭമോഹം മതിക്കുന്നു.

കുഞ്ഞ്പൂവിതൾ തല്ലിക്കൊഴിച്ചു നിൻ,

കൂർത്തചുണ്ടും നഖങ്ങളുമാഴ്ന്നപ്പോള്

ആർത്തനല്ല നീ....പശ്ചാത്തപിക്കുവാൻ

പാപിയായ നീയേതും തുനിഞ്ഞില്ല.

അമ്മ നെഞ്ചോടു ചേർത്ത പെൺകിടാവല്ലേ,

കെട്ടകാലത്തിൻ കനൽവഴി താണ്ടുന്നു...

ഉള്ളിൽ ചുടല കത്തുന്ന തീയാണ്, കാറ്റാണ്;

കരൾ നീറുന്ന നൊമ്പരപ്പെയ്ത്താണ്.

ചിതലരിച്ചിട്ട സ്വപ്നങ്ങളിൽ നിന്നവൾ,

കലിയടങ്ങാതെ ചുടലയക്ഷിയായി നിന്റെ

കണ്ണും നഖങ്ങളും ചൂഴ്ന്നെടുത്തീ

ശാപാഗ്നിയിൽ നിന്റെ ചിറകരിഞ്ഞൊടുക്കീടും...

ഉറവപൊട്ടുന്ന ഗദ്ഗദമാണുള്ളിലോർത്തീടുകീ -

കെട്ടകാലമേ, നിന്റെ വേരറ്റുപോകട്ടേയീ

മണ്ണിലെന്നേക്കും...!!

# ആകാശത്തുനിന്ന്

# വീണ ഒരാൾ

### ആൽബിൻ

വലിയൊരു അലർച്ചയോടെ അവർ രണ്ടുപേരും താഴേക്കു വീണു! ന്യൂയോർക്ക് നഗരത്തിലെ 47 നില കെട്ടിടമായ സോളോ അപ്പാർട്ട്മെൻറിൻെറ മുകൾ നിലയിൽ നിന്നായിരുന്നു വീഴ്ച,550 അടി താഴേയ്ക്ക്!

കെട്ടിടത്തിൻെറ പുറംചുവരുകൾ വൃത്തിയാക്കുകയായിരുന്നു മൊറേനോയും സഹോദരൻ എഡ്ഗറുമാണ് നിലംപതിച്ചത്. 167 മീറ്റർ ഉയരമുള്ള സോളോ അപ്പാർട്ട്മെൻെറ പത്തു വർഷമായി വൃത്തിയാക്കുന്നത് ഈ സഹോദരന്മാരായിരുന്നു. ഒരു കേബിളിൽ ചവിട്ടിനിന്നായിരുന്നു അവരുടെ ജോലി.

പതിവുപോലെ 2007 ഡിസംബർ ഏഴ് പ്രഭാതത്തിൽ കെട്ടിടം വൃത്തിയക്കുമ്പോഴണ് ദ്രവിച്ച ആ കേബിൾ പൊട്ടിയത്

എഡ്ഗർ വീഴ്ചയിൽത്തന്നെ മരിച്ചു. ഓടിക്കൂടിയവർ കരുതിയത് മൊറേനോയും മരിച്ചു എന്നാണ്. പക്ഷേ

അദ്ഭുതം! മൊറേനോയ്ക്ക് ശ്വാസമുണ്ടായിരുന്നു. ശരീരമാകെ ഒടിഞ്ഞു നുറുങ്ങിയഅദ്ദേഹത്തെ ഉടൻ ആശുപത്രിയിലാക്കി.

മൊറോനോ ജീവനോടെ ശേഷിച്ചതിൽ ഡോക്ടർമാർ പോലും അദ്ഭുതപ്പെട്ടു. ഇത്ര ഉയരത്തിൽനിന്ന് വീണാൽ സാധരണ മനുഷ്യശരീരം ചിതറിപ്പോകും.

വെറും നാലുനില കെട്ടിടത്തിൽനിന്നു വീഴുന്നവരിൽ പകുതിയിലേറെപ്പേരും രക്ഷപ്പെടാറില്ല.

രണ്ടാഴ്ചത്തെ ചികിത്സയ്ക്കു ശേഷം ഡോക്ടർമാരെപ്പോലും അമ്പരപ്പിച്ചുകൊണ്ട് മൊറോനോ അബോധവസ്ഥയിൽ നിന്ന് ഉണർന്നു. ഒരു മാസത്തിനു ശേഷം അദ്ദേഹം എണീറ്റിരുന്നു. നാലാം മാസം നടന്നുതുടങ്ങി. പല തവണയായി ഒമ്പതു ഓപ്പറേഷൻ വേണ്ട വന്നു മൊറേനോയുടെ ശരീരം സാധരണ നിലയിലാവാൻ. ഇപ്പോൾ പൂർണ ആരോഗ്യവാൻ!

മൊറേനോ എന്തുകൊണ്ട് രക്ഷപ്പെട്ടു? ശാസ്ത്രജ്ഞർ അപകടമുണ്ടായ കെട്ടിടത്തിൽ എത്തി പഠനം നടത്തി. 'മൊറേനോയുടെ രക്ഷപ്പെടൽ' എന്നൊരു ലേഖനം തന്നെ 'ന്യൂയോർക്ക് ടൈംസ്' പത്രം പ്രസിദ്ധികരിച്ചു.

ഒരു അദൃശ്യബലം മൊറേനോയുടെ വീഴ്ചയുടെ ശക്തി കുറച്ചു എന്നായിരുന്നു ഗവേഷകർ കണ്ടെത്തിയത്!

ഉയർന്ന കെട്ടിടങ്ങൾ ഉള്ള ആ സ്ഥലത്ത് വായുവിന്റെ തള്ളൽ ബലം കൂടുതലായതിനാൽ വീഴ്ചയുടെ ശക്തി കുറഞ്ഞതാവണമെന്ന് ഗവേകർ വിശദീകരിച്ചു. വീണ രീതിയും ഇടിച്ചുവീണ തറയുടെ സ്വഭാവവും ധരിച്ച വസ്ത്രവു മൊക്കെ മൊറേനോയെ തുണച്ചതായും വിശദീകരണങ്ങ ളുണ്ടായി. പക്ഷേ, മൊറേനോയ്ക്ക് ഒപ്പം അതേ സ്ഥലത്ത് വീണ സഹോദരൻ എഡ്ഗറിന് ഈ ഭാഗ്യമൊന്നുമുണ്ടായി രുന്നില്ല!

"അദ്ഭുതങ്ങളുടെ അദ്ഭുതം എന്നല്ലാതെ എനിക്കിത് വി ശദീകരിക്കാൻ അറിയില്ല."-മൊറേനോയെ ചികിത്സിച്ച ഡോക്ടർ ഫിലിപ്പ് ബാരി പറഞ്ഞു. പത്രലേഖകൻ മൊറേ നോയോട് ചോദിച്ചു : " എങ്ങനെ രക്ഷപ്പെട്ടു?"

ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ആ വീഴിച്ചയിൽ ആരൊ എന്നെ താങ്ങി. അത് ദൈവമല്ലാതെ മറ്റാരുമാവില്ല".

# നന്മ....

ഉണങ്ങി വരണ്ട രാജസ്ഥാൻ മരുഭൂമിയുടെ സമീപത്തായി താമസിച്ചിരുന്ന ഒരു കർഷകനായിരുന്നു മഹേന്ദ്രൻ. ഭാര്യയും മൂന്നു മക്കളുമടങ്ങിയ  തന്റെ കുടുംബത്തിനായി പകലന്തിയോളം അധ്വനിച്ചിരുന്ന ഭാര്യയെ സഹായിക്കാനായി രണ്ടു കിലോമീറ്റർ അകലെയുള്ള പൊതുകിണറ്റിൽനിന്ന് വെള്ളമെടുക്കാനായി എന്നും രാവിലെയും വൈകുന്നേരവും പോയിരുന്നു. രണ്ടു വലിയ മൺകുടങ്ങൾ ഒരു വലിയ കമ്പിൽ രണ്ടറ്റത്തായി തൂക്കിയിട്ടായിരിന്നു വെള്ളം കൊണ്ടുവന്നിരുന്നത്. കുടങ്ങൾ രണ്ടു വർഷങ്ങളായപ്പോൾ ഇടതുവശത്തെ കുടത്തിൽ ദ്വാരം വീണു. അതിലൂടെ വെള്ളം കുറെശ്ശെയായി നഷ്ടപ്പെട്ടുകൊണ്ടിരുന്നു..

കൊണ്ടുവരുന്ന വെള്ളം പകുതി മാത്രമേ വീട്ടിൽ എത്തിയിരുന്നുള്ളൂ.  മഹേന്ദ്രൻ ഇത് വകവച്ചിരുന്നില്ല. പക്ഷേ, ഇടതുവശത്തെ കുടത്തിന് വളരെ വിഷമമായി.

ഒരു മാസത്തിനു ശേഷം ഒരു ദിവസം വെള്ളവുമായി തിരിച്ചുവന്നുകൊണ്ടിരുന്ന മഹേന്ദ്രനോട് ഇടതു വശത്തെ കുടം സങ്കടത്തോടെ പറഞ്ഞു. "ഇത്രയുംനാൾ താങ്കളെ സേവിക്കാൻ പറ്റിയതിൽ വളരെ സന്തോഷമുണ്ട്. ദയവായി എന്നെ ഉപേക്ഷിച്ച് മററൊരു പുതിയ കുടം വാങ്ങണം."

ഇത് കേട്ട മഹേന്ദ്രൻ ചിരിച്ചുഎന്നിട്ട് കുടത്തോട് പറഞ്ഞു :

"എന്തിന്? അതിൻെറ ആവശ്യമില്ല. സത്രത്തിൽ രണ്ടാഴ്ചയായി എൻെറ യാത്രകൾ വളരെ സന്തോഷത്തിലാണ്. നീ നോക്കൂ. വീട്ടിലേക്കുള്ള വഴിയുടെ ഇടതുവശം പുല്ലും പൂക്കളും നിറഞ്ഞു വളരെ മനോഹരമായിത്തീർന്നിരിക്കുന്നു. നിന്നിൽനിന്ന് ഇറ്റുവീഴുന്ന ജലമാണ് ഈ മരുഭൂമിൽ ഇത്രയ്ക്ക് നല്ല കാഴ്ചയൊരുക്കിയത്. എനിക്കു മാത്രമല്ല ഈ വഴിയിലൂടെ കടന്നുപോകുന്ന യാത്രക്കാരും മൃഗങ്ങളും ചിത്രശലഭങ്ങളുമെല്ലാം വളരെ സന്തോഷത്തിലാണ്.പ്രിയപ്പെട്ട കുടമേ,നിന്നിലെ

കുറവാണ് മറ്റുള്ളവർക്ക് അനുഗ്രഹം. കുടത്തിനു വളരെ സന്തോഷമായി.

പ്രിയപ്പെട്ടവരെ, ഇതുപോലെയാണ് നമ്മുടെ ജീവിതവും നമ്മുടെ കുറവുകൾപോലും മറ്റുള്ളവർക്കും, അതിലൂടെ നമുക്കും നന്മയും സന്തോഷവും പ്രദാനം ചെയ്യും.

ദൈവമാണ് ഏറ്റവുംവലിയ എൻജിനീയറും ഡിസൈനറും കൗൺസിലറും. മനുഷ്യദൃഷ്ടിൽ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത രീതിൽ അന്തസാധതകൾ ഉണ്ട്, ഈ പ്രകൃതിയിൽ. നമ്മുക്ക് ഒരെരുത്തർക്കും നിർവ്വഹിക്കാനുള്ള കടമകളും നേടാനുള്ള ലക്ഷ്യങ്ങളുമുണ്ട്. നമ്മുടെ കറവുകൾ പോലും നേട്ടങ്ങളും നന്മകളും ആണ്.

“ലോകത്തു സംഭവിക്കുന്നതെല്ലാം നല്ലതിനാണ്" എന്ന ലോകതത്വം ശരിയായി മനസ്സിലാക്കാൻ നമ്മുക്കു സാധിക്കണം.

പെട്ടെന്നുള്ള വികാരക്ഷോഭം ഒന്നിനും പരിഹാരമല്ല. കാലപ്പഴക്കത്തിൽ എല്ലാ നഷ്ടങ്ങളും നേട്ടങ്ങളായി മാറുന്നത് കാണാൻ സാധിക്കും. ക്രിയാത്മകമീയി ചിന്തിക്കാനും പ്രവർത്തിക്കാനും എല്ലാകുട്ടുകാർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു..

# രക്ഷകനായ്

ജോയൽ

*വർണ വിളക്കുകൾ നിറദീപമായ്*
*തെളിഞ്ഞുയരുവാൻ തുന്നിയവേ*
*ഈറൻ മഞ്ഞിൽ നനവാർന്ന്*
*പുൽക്കൊടികൾ മിഴിപൂട്ടവേ*
*വാനിടത്തിൽ മാലാഖമാർതൻ*
*മഹോന്നത കീർത്തനം മുഴങ്ങുന്നു*
*" അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം*
*ഭൂമിയിൽ സന്മനസുള്ളോർക്ക് സമാദധാനം"*
*നന്മതൻ സാന്നിധ്യമെന്നും*
*മനസ്സിന്റെ കോണിലൊളിപ്പിച്ച*
*സുമനസുകൾക്കുള്ള ദൂതിന്നാരവം*
*മുഴങ്ങുന്നു കാതുകളിൽ*
*തെളിയുന്നുമിഴികളിൽ*
*നവമാമൊരു പ്രകാശമായ്*
*നക്ഷത്ര വിളക്കുകൾക്കപ്പുറം*
*കോടമഞ്ഞതിൻ തണുപ്പിന്നപ്പുറം*
*ഉള്ളിൽ പിറക്കാനിടം തേടുന്ന*
*രക്ഷകൻ തൻ വിലാപം കോൾക്കുന്നു*
*മുട്ടിവിളിക്കുന്നു ഹൃദയപടിവാതിലിൽ*
*തുറന്നിടാനായ് കാത്തിരിക്കുന്നു*
*തിരിച്ചറിയത്ത സരമെന്ന് നമ്മൾ*
*അകലേക്ക് നോക്കി പറയുമ്പോൾ*

## സോദരദീനത നാം മറക്കുമ്പോൾ

*ഇനിയും പിറക്കാനിടമില്ലാതെ*
*തിരസ്കരണത്തിന്റെ ഭാണ്ഡവും പേറി*
*ആരവങ്ങളുമാർപ്പുവിളികളുമില്ലാതെ*
*രക്ഷകൻ വരുന്നു ഇന്നും...*
*തുറക്കാം നമ്മുടെ ഹൃദയമിന്ന്*
*കൊടുക്കാമവിടേക്കായ് നമ്മെതന്നെ.*

# കവിത

സാനിയ

## കലാലയ ജീവീതം

*ഓർമ്മയിലേയ്ക്ക് ചേക്കറാൻ വെമ്പുന്ന*

*എൻ കലാലയ ജീവിതം*

*ആസ്വദിച്ച് കൊതിതീർന്നിട്ടിലിതുവരെ*

*ആദ്യമായ് ഇവിടേയ്ക്ക് കടന്നുവന്ന*

*നാളുകൾ ഓർമ്മയിലുണ്ടിപ്പോഴും*

**ഇന്നലെകളിലെന്ന പോൽ.......................**

*********************************

***************************

*********************

# കണ്ണാണ്ടന്റെ ധൈര്യം

അൻസുമരിയ

കണ്ണാണ്ടനും കേളപ്പനും കൂട്ടുകാരായിരുന്നു. കണ്ണാണ്ടന്്കണ്ണു കാണില്ലായിരുന്നു.കേളപ്പന് ചെവി കേൾക്കില്ലായിരുന്നു.ഒരു ദിവസം രണ്ടുപേരും കൂടി ഒരു യാത്ര പോകാൻ തീരുമാനിച്ചു.കാട്ടിലൂടെയായിരുന്നു യാത്ര.

“മിണ്ടാതെ നടക്കണം കേട്ടോ.രാക്ഷസൻമാരുള്ള സ്ഥലമാ".കേളപ്പൻ കണ്ണാണ്ടനോട് പറഞ്ഞു.

“എനിക്കവരെ അത്ര പേടിയൊന്നുമില്ല. അവരെന്റെ മുന്നിൽ വന്നാൽ പോലും ഞാൻ പേടിക്കില്ല. അവരുടെ ഒച്ചകേട്ടാൽ മതി നീ പേടിച്ചു മരിക്കാൻ....... "കണ്ണാണ്ടൻ പറഞ്ഞു.

അവരങ്ങനെ മുന്നോട്ടു പോകവെ ഒരു രാക്ഷസൻ അവരുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു.കേളപ്പൻ വേഗം ഓടിയൊളിച്ചു.പാവം

കണ്ണാണ്ടൻ;" എന്നെക്കണ്ടാൽ എല്ലാവരും പേടിച്ച് മരിക്കും....എന്നിട്ട് നീയെന്താ പേടിക്കാത്തത്....." കണ്ണാണ്ടനോട് രാക്ഷസൻ ചോദിച്ചു.

"അതു ശരി! നീയാണല്ലേ രാക്ഷസൻ,നിന്നെ കാണാൻ കുറെ നാളായി ഞാൻ ആഗ്രഹിക്കുന്നു. ഹലോ ഗ്ലാഡ് ടു മീറ്റ് യൂ......."

കണ്ണാണ്ടൻ രാക്ഷസനു നേരെ കൈ നീട്ടി.

രാക്ഷസന് പേടിയായി .ഇതെന്തൊരു മനുഷ്യൻ! എന്തൊരു ഭാഷ!വല്ല മന്ത്രവുമായിരിക്കും.ഇവനു കൈ കൊടുത്താൽ തന്റെ കഥ കഴിഞ്ഞതുതന്നെ.

രാക്ഷസൻ ഓടി രക്ഷപ്പെട്ടു.

ഇതെല്ലാം ഒളിച്ചുനിന്ന് കണ്ട കേളപ്പൻ അത്ഭുതപ്പെട്ടു." ഈ കണ്ണാണ്ടന്റെ ധൈര്യം അപാരം തന്നെ."

**കണ്ണാണ്ടനും കേളപ്പനും സന്തോഷത്തോടെ യാത്ര തുടർന്നു.**

# മഹദ്വചനങ്ങൾ

സോനാ

*തങ്ങളെത്തന്നെ ദൈവത്തിനു വിട്ടുകൊടുത്താൽ ദൈവം തങ്ങളെ എന്തായിത്തീർക്കുമെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ .*

***വി . ഇഗ്നേഷ്യസ് ലെയോള***

*ഒരു ഉത്പന്നത്തിന് ആവശ്യക്കാർ കുറയു ൾ പകരം മറ്റൊന്ന് ഉത്പാദിപ്പിക്കുന്ന വ്യവസായംപോലെ പെരുമാറാൻ സഭയ്ക്ക് സാധ്യമല്ല .*

***കാൾ കാർഡിനൽ ലേമാൻ***

*മൂല്യങ്ങളില്ലാത്ത ജനാധിപത്യം പരസ്യമായ അല്ലെങ്കിൽ ചെറിയ തോതിൽ വേഷപ്രച്ഛന്നനായ ഏകാധിപത്യത്തിലേക്ക് എളുപ്പത്തിൽ തിരിയും .*

***വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ***

*വാക്കുകൾ ദുരുപയോഗിക്കുകയെന്നതിന്റെ അർത്ഥം ആളുകളെ പുച്ഛിക്കുകയെന്നാണ്.*

***ഡാഗ് ഹമ്മർസ്ക് ജോൾഡ്***

*ദൈവത്തോടും സഹജീവികളോടും തങ്ങളോടുതന്നെയും ഉള്ള സ്നേഹംകൊണ്ട് എവിടെയെല്ലാം ആളുകൾ പൂരിതരായിരിക്കുന്നുവോ അവിടെയെല്ലാം ഭൂമിയിൽ സ്വർഗ്ഗമുണ്ട്*
***വിശുദ്ധ ഹിൽഡെ ഗാർഡ്.***

# കുട്ടിക്കണക്ക്

**ഗൗരി**

***വീട്ടുമുററത്ത് കുറെ ആടുകളെയും കോഴികളെയും ഒന്നിച്ചുകണ്ടപ്പോൾ ഏഴാംക്ലാസ്സുകാരനായ കിച്ചു അമ്മയോടു ചോദിച്ചു: "അമ്മേ, നമുക്ക് എത്ര ആടുകളും കോഴികളുമുണ്ട് ?"***

***കണക്കിൽ അതിതത്പരനായ കിച്ചുവിനെ പരീക്ഷിക്കാനായി അമ്മ പറഞ്ഞു: "മോനെ, എത്രയുണ്ടെന്ന് എനിക്കറിഞ്ഞൂടാ. പക്ഷേ മുററത്തിപ്പോൾ 54 കണ്ണുകളും 78 കാലുകളും അവയ്ക്ക് ആകെയുണ്ട്". മുററത്ത്പോയി എണ്ണാതെ മുറിയിലിരുന്ന് എത്ര ആടുകളും കോഴികളുമുണ്ടെന്ന് നിനക്ക് കണക്കുകൂട്ടി പറയാമോ?" കിച്ചു മനസ്സിൽ കണക്കുകൂട്ടി അപ്പോൾതന്നെ അമ്മയ്ക്ക് ശരിയുത്തരം***

കൊടുത്തു. എത്ര ആടുകളും കോഴികളും ഉണ്ടെന്ന് നിങ്ങൾക്കു പറയാമോ?..........

ഉത്തരം: 15 കോഴികളും 12 ആടുകളും

# ചുരുളഴിയാത്ത രഹസ്യങ്ങൾ...

അതുൽ

## വഴിയിലെ ആത്മാവ്

സൗത്ത് ആഫ്രിക്കയിലെ കേപ്പ്രൊവിൻസിലാണ് സംഭവം നടന്നത് 1978-ൽ. കട്ടാള ഉദ്യോഗസ്ഥനായ ഡേവി വാൻ ജാർസെൽഡ്, ഡി റെസ്റ്റ് എന്ന സ്ഥലത്തുകൂടി ബൈക്കിൽ പോകുകയായിരുന്നു. പെട്ടെന്ന് ഒരു യുവതി ലിഫ്റ്റ് ചോദിച്ചു. അവർ ബൈക്കിൽ കയറിയ ഉടനെ ഡേവി അവർക്ക് ധരിക്കാൻ ഹെൽമെറ്റ് നൽകി. പത്തു കിലോമീറ്റർ കഴിഞ്ഞതും ബൈക്കിൻെറ പിൻചക്രം പാളുന്നത് ഡേവി ശ്രദ്ധിച്ചു. ഡേവി വണ്ടി

നിർത്തി. അപ്പോഴാണ് അദ്ദേഹം ഒരു കാര്യം ശ്രദ്ധിച്ചത്-പിന്നിലിരുന്ന യുവതി അപ്രത്യക്ഷമായിരിക്കുന്നു!

അവർ വഴിയിൽ വീണുപോയിട്ടില്ല അദ്ദേഹത്തിന് മനസ്സിലായി. കാരണം ഹെൽമെറ്റ് പിൻസീറ്റിൽ ഭദ്രമായി ഉറപ്പിച്ചിട്ടാണ് അവർ പോയിരിക്കുന്നത്.

പിന്നീട് 1980-ൽ വിചിത്രമായ മറ്റൊരു സംഭവവും ആ റോഡിൽ ഉണ്ടായി. ബൈക്കിൽ നടന്നു. ഒട്ടുവിൽ പോലീസുകാരുടെ വിചാരണത്തിൽ നിന്നും ഒരു പൈലറ്റ് ഈ പെൺകുട്ടിയെ തിരിച്ചറിഞ്ഞു. മരിയ റോക്സ് എന്നാണത്രെ അവളുടെ പേര്. പൈലറ്റ് വിവാഹം കഴിക്കാനിരിക്കെ 1968 ൽ ആ റോഡിൽ വെച്ച് ഒരു കാറപകടത്തിൽ മരിയ കൊല്ലപ്പെട്ടത്രെ! അവളുടെ ആത്മാവാണോ കുഴപ്പക്കാരി ? ആർക്കുപോയ ആന്റ്രെ കോസെ എന്നയാൾക്ക് ആരോ പിന്നിലിരുന്ന് തന്റെ തലയ്ക്കിടിച്ചതായി തോന്നി. പരിഭ്രാന്തനായ ആന്ദ്രേ

ബൈക്ക് വേഗത്തിൽ പായിച്ചു.ഒട്ടേറെ ടാക്സി ഡ്രൈവർമാർക്കും ഇവിടെച്ച് വിചിത്രാനിഭവങ്ങൾ ഉണ്ടായിട്ടുണ്ട്.അന്വേഷണങ്ങൾ മുറയ്ക്ക് നടന്നു.ഒടുവിൽ പോലീസുകാരുടെ വിചാരണത്തിൽ നിന്നും ഒരു പൈലറ്റ് ഈ പെൺകുട്ടിയെ തിരിച്ചറിഞ്ഞു.മരിയ റോക്സ് എന്നാണത്രെ അവളുടെ പേര്.പൈലറ്റ് വിവാഹം കഴിക്കാനിരിക്കെ 1968 ൽ ആ റോഡിൽ വെച്ച് ഒരു കാറപകടത്തിൽ മരിയ കൊല്ലപ്പെട്ടത്രെ! അവളുടെ ആത്മാവാണോ കുഴപ്പക്കാരി ? ആർക്കുമറിയില്ല.

---

# അമ്മുവും മിക്കുവും....

*അശ്വിൻ*

ഒരു ദിവസം മിക്കു എന്ന ഒരു കുട്ടി അമ്മു എന്ന ഒരു കുട്ടിയുടെ കൂടെ പോയി.അവർ കൂട്ടുകാരായിരുന്നു.അവർ ഒരു പൂച്ചക്കുഞ്ഞിനെ എടുക്കാനാണ് പോയത്.അപ്പോൾ അവിടെ ഒരു കുരുത്തംകെട്ട ചെറുക്കൻ അവിടെ ഉണ്ടായിരുന്നു.അവൻ ആ പൂച്ചക്കുഞ്ഞിനെ എടുത്ത് ഉപദ്രവിക്കാൻ തുടങ്ങി.അപ്പോൾ അതുംകണ്ടുകൊണ്ടു ചെന്ന മിക്കുവും അമ്മുവും അവനോട് വഴക്കുണ്ടാക്കി, എന്നിട്ട് അവർ ആ  പൂച്ചക്കുഞ്ഞിനെരക്ഷിച്ച് അമ്മുവിൻെറ വീട്ടിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു.

# പ്രളയ നൊമ്പരങ്ങൾ

അർജ്ജുൻ

പണ്ടെന്റെ നാടിങ്ങനെയായിരുന്നു
പുഴയും മലയും തെളിനീരൊഴുക്കും
ചാലുകളും ശാന്തതീരവും
അംബരചുംബികളാം സൗധങ്ങളും
നിരനിരയായി നിന്നിരുന്നു.
പുകതുപ്പും യന്ത്രശാലകൾ
കടകൾ കംബോളങ്ങളും
ഉറുംബിൻ നിരപോലെ മനുഷ്യരും
ഒരു ദിനമൊന്നു കുത്തൊഴുക്കിൽ
നഷ്ടമായേറെ ജീവിതങ്ങളും
മോഹങ്ങളും കിനാക്കളും
ഒഴുകിയെത്തിയ ദുരിതഭാരം
തടുത്തുനിർത്താനായില്ലെങ്കിലും
തളരാതെ തോൽക്കാതെ
അതിജീവനത്തിന്റെ പാഠങ്ങളോതി
ദൈവത്തിന്റെ നാട്ടിലെ
നന്മയുടെ നിറവായ സോദരങ്ങൾ
കെടാതെ കൈമാറണമീ ദീപം
ഇനി വരും തലമുറയ്ക്കായ്

# കൗമാരം മൂല്യങ്ങൾ ആർജ്ജിക്കേണ്ട കാലഘട്ടം

ക്രൂപമരിയ

കൗമാരം മൂല്യങ്ങൾ ആർജ്ജിക്കേണ്ട ഒരു കാലഘട്ടമാണ്.വഴിതെറ്റിപ്പോകാതെ മൂല്യങ്ങൾ തിരിച്ചുപിടിക്കാൻ ശ്രദ്ധിക്കണം.കുടുംബബന്ധങ്ങളുടെ ശിഥിലീകരണമാണ് കൗമാരക്കാർ വഴിതെറ്റിപോകുന്നതിനുള്ള കാരണം എന്ന് തിരിച്ചറിയണം.അക്ഷരത്തെറ്റുകൾ തിരുത്തുന്നത് കുടുംബങ്ങളിൽ നിന്നാണ്.സ്നേഹമുള്ള മാതാപിതാക്കളും അനുസരണയുള്ള മക്കളും ഒരുമിച്ച് സൗഹൃദത്തോടെ കൈകോർക്കുമ്പോൾ മൂല്യങ്ങൾ കുടുംബത്തിൽ പിറവിയെടുക്കുന്നു.മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടാതെ വിവരവിനിമയ സാങ്കേതികവിദ്യയുടെ തെറ്റും ശരിയും തിരിച്ചറിയുന്ന സനാതമൂല്യങ്ങളുടെ ഊഷ്മളഭാവങ്ങൾ ഹൃദയത്തിൽ വഹിക്കുന്ന കൗമാരക്കാർ ഉണ്ടാവട്ടെ.തെറ്റും ശരിയും നന്മയും തിന്മയും തിരിച്ചറിയുന്ന കൗമാരക്കാർ നമ്മുടെ ഇടയിൽ ഉണ്ടാവണം.അവരെ വഴിതെറ്റാതെ നടത്താൻ മാതാപിതാക്കളും ഉണ്ടാവണം.മൂല്യങ്ങളെ ആർജ്ജിച്ച ജീവിതവിജയം നേടാൻ കൗമാരക്കാർക്ക് സാധിക്കട്ടെ.

# കൊട്ടുള്ളിക്കാവിന്റെ പൂരം

അമല്‍

കൊട്ടുള്ളിക്കാവിലെ പൂരത്തിനയ്യടാ

കൊട്ടുണ്ട്,പാട്ടുണ്ട്, തുള്ളലുണ്ട്.

ആട്ടവിളക്കുണ്ട്,താലപ്പൊലിയുണ്ട്,കോട്ടയ്ക്കലപ്പന്റെ തോറ്റമുണ്ട്!

കുട്ടവെടിയുണ്ട്,നാഗസ്വരമുണ്ട്,

കുട്ടങ്കവേലന്റെ തെയ്യമുണ്ട്,

തട്ടുണ്ട്,മുട്ടുണ്ട്,തട്ടുകടയുണ്ട്,

എട്ടുനിലയുള്ള പന്തലുണ്ട്!

കൈനോട്ടക്കാരുണ്ട്,കണ്‍മഷിക്കാരുണ്ട്,

ലക്ഷണം ചൊല്ലുന്ന തത്തയുണ്ട്!

അമ്മകുടമുണ്ട്,കാവടിച്ചിന്തുണ്ട്,

തൈപ്പൂയക്കാവടിയാട്ടമുണ്ട്!

മുത്തുക്കുടയുമായ് മുപ്പത് കൊമ്പന്മാര്‍

ഒത്തു നിരക്കുന്ന മേളമുണ്ട്!

ആലവട്ടങ്ങളും വെഞ്ചാമരങ്ങളും

ആടിമറിയുന്ന കാഴ്ച്ചയുമുണ്ട്!

**********************

*****************

# യാത്രാവിവരണം

റിനോ

ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ യാത്രയായിരുന്ന ഒൻപതാംക്ലാസിൽനിന്നുള്ള വിനോദയാത്ര. അത് ഞങ്ങളുടെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ഒരു യാത്രയായിരുന്നു. ഞങ്ങൾ അന്ന് വൈകുന്നേരം ആറ് മണിക്ക് ഇവിടുന്ന് പുറപ്പെട്ടു. ഞങ്ങളുടെ യാത്ര വളരെ മനോഹരമായിട്ടാണ് മുന്നേറുന്നത്. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഞങ്ങൾ എല്ലാവരും മയക്കത്തിലേക്ക് വീണു. ബസ് കുറേ ദൂരം സഞ്ചരിച്ച് കേരള തമിഴ്നാട് ബോർഡറിലെത്തി. പെട്ടെന്ന് ഞങ്ങൾ ഉറക്കത്തിൽനിന്നും എഴുന്നേറ്റു. അപ്പോഴാണ് ഞങ്ങൾ അറിഞ്ഞത് ബസ് ഒരു മണിക്കൂർ കഴിഞ്ഞേ മുൻപോട്ട് നീങ്ങുകയുള്ളൂയെന്ന്. ഞങ്ങളെല്ലാവരും ബസിന് പുറത്തേക്കിറങ്ങി. നല്ല മനോഹരമായ ഗ്രാമം. ഞങ്ങളെല്ലാവരും അവിടുത്തെ സൗന്ദര്യം നന്നായി ആസ്വദിച്ചു. ഒരു മണിക്കൂറിനു ശേഷം ഞങ്ങൾ വീണ്ടും ഞങ്ങളുടെ യാത്ര

തുടർന്നു.അപ്പോഴാണ് ഞങ്ങൾ അറിഞ്ഞത് ഞങ്ങൾ ഇനി ഒരു വലിയ വനത്തിനുള്ളിലൂടെയാണ് ഞങ്ങൾ ഞങ്ങളുടെ യാത്ര തുടരേണ്ടതെന്ന്.ഈ കാട്ടിൽ വന്യമൃഗങ്ങളുണ്ടെന്ന് ഞങ്ങളെ ഞങ്ങളുടെ അധ്യാപകൻ അറിയിച്ചു.ഞങ്ങൾക്ക് ആകാംക്ഷയേറയായി.പോകുന്ന വഴിക്ക് ഞങ്ങൾ പുലിയെയു കടുവയെയുമൊക്കെ കണ്ടു.അങ്ങനെ ഞങ്ങൾ യാത്ര ചെയ്ത് മൈസൂർ എന്ന വലിയ ഒരു സിറ്റിയിലെത്തി.രാവിലെ ഞങ്ങൾ അവിടെ റൂമെടുത്ത് ഫ്റെഷായി വീണ്ടും ബസിൽ കയറി.എന്നിട്ട് ഞങ്ങൾ ഭക്ഷണം കഴിക്കാനായി പോയി.ഭക്ഷണം കഴിച്ച് കഴിഞ്ഞ് ഞങ്ങൾ വീണ്ടുംയാത്ര തുടർന്നു.എന്നിട്ട് ഞങ്ങൾ സൂയിലുമൊക്കെപ്പോയി.അവിടെ ഞങ്ങൾ ഒത്തിരി മൃഗങ്ങളെ കണ്ടു.എന്നിട്ട് ഞങ്ങൾ മൈസൂർ സിറ്റി ചുറ്റിക്കറങ്ങി.എന്നിട്ട് വീണ്ടും ഞങ്ങൾ ഞങ്ങളുടെ റൂമിലെത്തി.എന്നിട്ട് ഞങ്ങൾ രാവിലെ വീണ്ടും മൈസൂർ ചുറ്റിക്കറങ്ങി.എന്നിട്ട് ഞങ്ങൾ അന്ന് രാത്രി വന്ന് കിടന്നിട്ട് അതി രാവിലെ എഴുന്നേറ്റ് ഊട്ടിയിലേക്കുള്ള യാത്ര തുടങ്ങി.ഞങ്ങൾ ഒരു വലിയ

വനത്തിലൂടെയാണ് പോയത്.അങ്ങനെ ഞങ്ങൾ ഊട്ടിയിലെത്തി.അവിടെ നല്ല തണുപ്പുണ്ടായിരുന്നു. ഞങ്ങൾ അവിടുത്തെ മനോഹരമായ സ്ഥലങ്ങളെല്ലാം കണ്ടു.അവിടെ ഞങ്ങൾ ഒരു മനോഹരമായ ചോക്ലേറ്റ് ഫാക്ടറിയിൽ കയറി.അവിടുന്ന് ഞങ്ങൾ എല്ലാവരും ചോക്ലേറ്റുകൾ വാങ്ങി.എന്നിട്ട് ഞങ്ങൾ വേറെയും സ്ഥലങ്ങളിലൊക്കെ ചുറ്റിക്കറങ്ങി.എന്നിട്ട് രാത്രിയിൽ ഭക്ഷണത്തിന് മിൻപ് ഞങ്ങൾ ക്യാംപഫയർ അടിച്ചുപൊളിച്ചു.എന്നിട്ട് ഞങ്ങൾ അവിടെനിന്നും തിരിച്ചു.ഞങ്ങൾ പിറ്റേദിവസം രാവിലെ സ്കൂളിലെത്തി.അങ്ങനെ ഞങ്ങളുടെ നാലു ദിവസത്തെ പ്രയാണം അവസാനിച്ചു.ഇത് ഞങ്ങളുടെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ഒരനുഭവമാണ്

*******************************

*******************

***********

# മഴ വന്നേ മഴ

സ്റ്റെഫിൻ

തട്ടും മുട്ടും മാനത്ത്
കൊട്ടും പാട്ടും താഴത്ത്
മഴ വന്നേ മഴ ; പനിനീർപ്പൂമഴ
മനസ്സിനു കുളിരേകുന്ന മഴ !
കുട നിവരുന്നേ കുഞ്ഞി കവിതകൾ
കുണുങ്ങിയാടി രസിക്കുന്നേ!
കര കവിയുന്നേ പുഴ നിറയുന്നേ
**പെരുകുന്നേ മഴ തിത്തിത്തെയ് !**

# മരം വെട്ടല്ലേ....

അലൻ ജോ

*വെട്ടല്ലേ കുഞ്ഞേ മാമരങ്ങൾ*
*വെട്ടല്ലേ കുഞ്ഞേ തൈമരങ്ങൾ*
*നമ്മുടെ നാടിനെ ശീതളമാക്കുന്ന*
*നൽവരമാം മരം വെട്ടിടല്ലേ.*
*മാമരം വെട്ടിയാലാറു വറ്റും*
*മാമല നാടിന്റെ നഷ്ടമേറും*
*കാട്ടാറുപോലും വരണ്ടുപോകും*
*കാട്ടിലെ പൂക്കൾ കൊഴിഞ്ഞുപോകും*
*പച്ചിലച്ചാർത്ത് കരിഞ്ഞുപോകും*
*പച്ചവെള്ളത്തിനും ക്ഷാമമാകും.*
*ഉച്ചക്കൊടുംവെയിൽ ഏറ്റു നമ്മൾ*
*കത്തിയുരുകി ദ്രവിച്ചുപോകും*
*ജീവൻതുടിച്ചു തുളുമ്പിനിൽക്കും*
*താഴ്വരയെല്ലാം കരിഞ്ഞുപോകും*
*മാമണിപ്പാടം വരണ്ടുപോയാൽ*
***പാവം ജനതകളെന്തു തിന്നും?***

****************************************

# വിമർശനങ്ങൾ ഒഴിവാക്കുക

വിൽസൺ

*മറ്റുള്ളവരുടെ കുറവുകൾ കാണുന്നതിന്*

*ഓരോരുത്തർക്കും സ്വന്തം വൈകല്യങ്ങൾ*

*മറച്ചുവയ്ക്കേണ്ടതുണ്ട്.*

*വിശാലമായ ആശയങ്ങളെ ആദ്യം*

*വിമർശിക്കുന്നത് ചെറിയ*

*മനസ്സുള്ളവരായിരിക്കും.*

*വിമർശനങ്ങൾ ഏൽക്കാതെ*

*നിങ്ങൾക്കൊരിക്കലും വിജയപീഠത്തിൽ*

*എത്താനാവില്ല.*

***വിമർശനം മൂർച്ചയില്ലാത്ത ഒരു ഉപകരണമാണ്.***

*****************

# ഒരു ക്രിസ്തുമസ് രാത്രി

മനു

"ടോമീ... കോച്ചേ ... നീയാ മസാലക്കൂട്ട് വാങ്ങിയിട്ട് എവിടെക്കൊണ്ടുപോയി വെച്ചു... ഈ വീട്ടിൽ ഒരു കൂട്ടം നോക്കിയാൽ കാണില്ല"

"അവനെ വിളിക്കമ്മച്ചി... മസാലക്കൂട്ട് ഭരണിയിൽ വെച്ചിട്ടുണ്ട് "തേങ്ങ ചിരവിക്കൊണ്ടിരുന്ന അനി എഴുന്നേറ്റു. മൂത്തമകൻ കെട്ടിയ പെണ്ണാണ് അനി.

“ഒരു സമാധാനവുമില്ല, ടോമിച്ചെക്കന് പുൽക്കൂട് എന്നുള്ള ഒരു ചിന്ത മാത്രമെയുള്ളൂ... പാതിരാ കുർബാനയ്ക്ക് സമയത്തിനു പോകാൻ പറ്റിയാമതിയായിരുന്നു..”അമ്മച്ചീടെ വേവലാതി മാറിയിട്ടില്ല..

“എടാ... ടോമീ... ഇത്തവണത്തെ കരോൾ ഗാനമത്സരത്തിന് നമുക്ക് സമ്മാനം വല്ലതും കിട്ടുമോ?

“അമ്മച്ചിയല്ലേ പാടുന്നത് മിക്കവാറും കിട്ടിയേക്കും ".

നീ പോടാ ചെക്കാ... ഈ ക്രിസ്തുമസ് ദിവസം എന്തു കിട്ടിയാലും അത് ലതികേടേ വീട്ടിലോട്ട് ... കേട്ടോ..”

ശരിയാ അമ്മച്ചീ... അത് തന്നെയാ ശരി"

എല്ലാവരും സമ്മതിച്ചു.

ലതിക എവരുടെ അയൽവാസിയാണ്. ലതിയുടേ
കെട്ടിയോൻ വണ്ടിയിടിച്ച്  കിടപ്പായിട്ട് കൊല്ലം ഒന്നു
കഴിഞ്ഞിരിക്കുന്നു . രണ്ടു പിള്ളേരുമായി വളരെ
ബുദ്ധിമുട്ടിയാ അവൾ ജീവിക്കുന്നത് . എന്തായാലും
ജോലിയെല്ലാം തീർത്തു സമയത്ത് തന്നെ എല്ലാവരും കൂടി
പള്ളിയിലെത്തി കരോൾഗാനാ മത്സരത്തിൽ
സജീവമായിതന്നെ പങ്കെടുത്തു .
പാതിരാ കുർബാനയ്ക്ക് തൊട്ടുമിൻപ് ടോമിച്ചൻ
ഓടിപ്പാഞ്ഞുവന്നു.

"അമ്മേച്ചീ... അമ്മച്ചീ... പുൽക്കൂടിനും കരോൾഗാന
മത്സരത്തിനും നമുക്കു തന്നെയാ  ഒന്നാം സമ്മാനം .
പതിനായിരം രൂപ ക്യാഷ് പ്രൈസ് .അച്ചൻ ഇപ്പം
അനൗൺസ് ചെയ്യും"

"ഈശോയേ നന്ദി" അമ്മച്ചി കരങ്ങൾ കൂപ്പി.

"പാവപ്പെട്ടവരെ സഹായിക്കാൻ മനസ്സ് കാണിച്ചാൽ അങ്ങു
വാരിക്കോരി തരുമല്ലേ... നന്ദി.."

***ഉണ്ണീശോയുടെ തിരുപ്പിറവിയും കണ്ട് കൈനിറയെ സമ്മാനങ്ങളുമായി ആ സന്തുഷ്ടകുടുംബം വീട്ടിലേക്ക് യാത്രയായി.***

*******************************

# കഥ

# കുകിതത്തമ്മയും കുട്ടൻതവളയും

ജോസിയ

കിണറ്റുകരയിലെ മരക്കൊമ്പിലാണ കുകിതത്തമ്മയുടെ വീട്.വൈകുന്നേരമായാൽ കിണറ്റിനുള്ളിൽനിന്നുള്ള കുട്ടൻതവളയുടെ വീമ്പടി ശബ്ദം കുകിതത്തമ്മയ്ക്ക് അസഹ്യമായി.ഈ കിണറാണ ലോകത്തിലെ ഏറ്റവും വലുതെന്നായിരുന്നു കുട്ടൻതവളയുടെ വീമ്പടി

ഒരു ദിവസം കുകിതത്തമ്മ കുട്ടൻതവളയോടു പറഞ്ഞു നീ വിളിച്ചു പറയുന്നതല്ല ശരി. നീ അറിയാത്ത വളരെ കാര്യങ്ങൾ പ്രകൃതിയിലുണ്ട്. സംശയമുണ്ടെങ്കിൽ നിന്നെ ഞാൻ അതൊക്കെ കൊണ്ടുപോയി കാണിക്കാം. നിനക്കു വിശ്വാസം വരുമല്ലോ? കുട്ടൻതവള സമ്മതിച്ചു.

കുകിതത്തമ്മ കുട്ടൻതവളയെ പുറത്തിരുത്തി കാടും മലയും പുഴയും എല്ലാം കാണിച്ചു കൊടുത്തു. എല്ലാം കണ്ടു മടങ്ങിയെത്തിയ കുട്ടൻതവളയൊട് കുകിതത്തമ്മ ചോദിച്ചു: ഇപ്പോൾ എങ്ങനെയുണ്ട് ?

ഇനി നീ പറയുക, നിന്റെ കിണറാണൊ, ആറും പുഴകളുമൊക്കെയാണൊ വലുത്?

തവള അതിനു മറുപടി പറഞ്ഞില്ല. ഒന്നും മിണ്ടാതെ ഇളിഭ്യനായി കിണറിനെ ലക്ഷ്യമാക്കി തിരിഞ്ഞുനടന്ന കുട്ടൻതവളയെ നോക്കി ക്ലുകിതത്തമ്മ ആത്മഗതം ചെയ്തു.ഇനി ആ വിഡ്ഢി ഒരിക്കിലും പറയില്ല, ഈ ലോകത്തിൽ ഏറ്റവും വലുത് അവൻ താമസിക്കുന്ന കിണറാണെന്ന്.എന്നാൽ ക്ലുകിതത്തമ്മയ്ക്കു തെറ്റി. പിറ്റേന്നു വൈകുന്നേരം ക്ലുകിതത്തമ്മ മരക്കൊമ്പിലെ കൂട്ടിലിരിക്കുമ്പോൾ തവള പഴയതുപോലെതന്നെ വിളിച്ചുപറയുന്നതു കേട്ടു. ഈ ലോകത്തിൽ ഈ കിണറിനോളം വലിപ്പമുള്ള മറ്റൊന്നില്ല. ഇതു തന്നെയാണ് ഏറ്റവും വലുത്. നുണകൾ ആവർത്തിക്കപ്പെടുമ്പോൾ ചിലർ സത്യത്തിൽ നിന്ന്  അകന്നുപോകും. പഠിച്ചതേ പാടൂ എന്നാണല്ലോ പഴമൊഴി.

# കുടിനീർ

അഷ്‌ലി

ജീവനെ പുൽകുവാൻ
ജലമുള്ളയിടമേതോ
കാണാതെവന്നൊരു നിമിഷം
ഒരു തുള്ളിനീരായി
അലഞ്ഞലഞ്ഞൊരുനാൾ
ദാഹം തളർത്തിയ നിമിഷം
മരിച്ചുപോയി , മർത്ത്യൻ
മരവിച്ചു മരവിച്ച് മരിച്ചു.

# അച്ഛന്റെ കൂടെ

ശിൽപ്പ

കണ്ടുവോ അച്ഛാ ഈ ശ്യാമവർണ്ണൻ,
തന്റെ ചുണ്ടോടുചേർക്കുന്ന പുല്ലാങ്കുഴൽ?
മധുരമാം ഗാനമെന്നിടനെഞ്ചിലലിയുന്നു,
എന്തേ തനിക്കൊന്നും തന്നുകൂടാ ?
ഉണ്ണിതൻ പരിഭവം കേട്ടു,പിതാവിന്റെ-
യുള്ളം തുടിക്കുന്നു സ്നേഹാർദ്രമായി
പൈതലെ തന്നുടെ മാറോടണച്ചിട്ടു
മന്ദസ്മിതം പൂണ്ടു മന്ത്രിച്ചു;
"നീ തന്നേയല്ലോ മകനെ, എൻ കണ്ണനും
എന്നുള്ളം കവരുന്ന മായാമുകുന്ദനും,പുഞ്ചിരിചൊരിയുന്ന
ഉണ്ണിക്കാർവർണ്ണനും!!

# പണക്കാരൻ്റ അഹങ്കാരം

ആൽബിൻ

ഒരിക്കൽ ഒരുവന് എവിടുന്നോ കുറെ പണം കിട്ടി. അയാൾ നാടാകെ അത് പരത്തി. ഒരു കള്ളൻ അത് ഒളിഞ്ഞു നിന്ന അത് കേൾക്കുന്നുണ്ടായിരുന്നു. ആ കള്ളൻ അയാളുടെ വീട്ടിൽ കയറി മോഷ്ടിക്കാൻ തീരുമാനിച്ചു. രാത്രിയിൽ എല്ലാവരും ഉറങ്ങി കഴിഞ്ഞപ്പോൾ ആ കള്ളൻ ആ പണക്കാരൻ്റ വിട്ടിൽ കയറി. ആ കള്ളൻ അയാളുടെ കട്ടിലിൻെറ അടിയിൽ കയറി ഒളിച്ചു. പണക്കാരൻ എണിറ്റപ്പോൾ,കള്ളന് പെട്ടെന്ന് ഒരു ബുദ്ധി തോന്നി . കള്ളൻ കട്ടിലിൻെറ അടിയിൽ കിടന്ന വിളിച്ചു പറഞ്ഞു "മകനേ ജോണി,ഞാൻ നിൻെറ മുത്തച്ഛനാണ് ,നിൻെറ വിട്ടിൽ ഇന്ന ഒരു കള്ളൻ. നിൻെറ പണമെല്ലാം അവൻ കൊണ്ടു പോവും. അതു കൊണ്ട് നിൻെറ പണമെല്ലാം എടുത്ത നമ്മുടെ പറമ്പിലെ പൊട്ടകിണറ്റിൽ കൊണ്ടുപോയി ഇടുക. ആ പണക്കാൻ അത് കേട്ട പണമെല്ലാം എടുത്ത പൊട്ടകിണറ്റിൽ ഇട്ടു. ആ സമയം കള്ളൻ വീട്ടിൽ നിന്ന ഇറങ്ങി .പണക്കാരൻ പണമെല്ലാം

കൊണ്ടുപോയി കിണറ്റിൽ ഇട്ടു. പണക്കാരൻ പോയപ്പോൾ കള്ളൻ കിണറ്റിൽ കിടന്ന പണമെല്ലാം എടുത്ത രക്ഷപ്പെട്ടു. പിറ്റന്ന രാവിലെ പണക്കാരൻ വന്ന കിണറ്റിൽ നോക്കിയപ്പോൾ പണം കണ്ടില്ല.അയാൾ വിഷമത്തോട് പട്ടണത്തിലേക്ക് ഓടി. പണം നഷ്ടപ്പെട്ടന്ന അയാൾ എല്ലാവരോടും പറഞ്ഞു. നട്ടുകാരെല്ലാം അത് കേട്ട ചിരിച്ച. കാരണം പണം കിട്ടിയപ്പോൾ അയാൾ വളരെ അധികം അഹങ്കരിച്ചു.......

***അഹങ്കാരത്തിന് നഷ്ടം കൂട്ടുണ്ട്.....***

# ഗുരുനാഥൻ

എബിൻ

ഇരുൾ മാഞ്ഞു എന്നിലെ

ഇരുണ്ട യാമങ്ങളി-

നകലേക്ക് മറയുന്നിതാ...

അറിവിന്റെ വേരുകൾ
നിറയിച്ച എന്നിൽ
നിറദീപമായിന്നു ഞാൻ

തിരുനാളം തെളിയിച്ച
ഗുരുനാഥനു മുന്നിൽ

പ്രണമിപ്പൂ തൊഴുകൈകളുമായ്

അകതാരിലർപ്പണം
പുഷ് പദങ്ങളാൽ
കൈകൂപ്പി നില്ക്കുന്നു ഞാൻ

*************************

–

# സഞ്ചി വേണ്ട

# പണം മതി....!

***ഗോവിന്ദ്***

ചൈനയിൽ പണ്ട് പ്രഗൽഭനായ ഒരു വൈദ്യനുണ്ടായിരുന്നു പച്ച മരുന്നുകൾ ഉപയോഗിച്ച് എത്ര പഴകിയ രോഗങ്ങളും ഭേദമാക്കും. അന്യനാട്ടുകളിൽ നിന്നുപോലും ആളുകൾ വൈദ്യനെത്തേടിയെത്തുക പതിവായിരുന്നു .ഒരിക്കൽ മറ്റോരു നാട്ടിലേക്ക് വൈദ്യൻ ക്ഷണിക്കപ്പെട്ടു ആ നാട്ടിലുള്ള സകല വൈദ്യന്മാരും പരിശ്രമിച്ചിട്ടും രോഗിക്ക് ഒരു മാറ്റവുമില്ല. അങ്ങനെയാണ് നാടുവാഴി ചൈനയിലെ വൈദ്യനെക്കുറിച്ച് അറിയുന്നതും അദ്ദേഹത്തെ ക്ഷണിച്ചതും.നാടുവാഴിയുടെ അസുഖവും അങ്ങനെ ചൈനീസ് വൈദ്യൻ

മാറ്റിയെടുത്തു.വൈദ്യനു പ്രതിഫലമായി മനോഹരമായ ഒരു സഞ്ചി നീട്ടിക്കോണ്ട് വൈദ്യൻ പറഞ്ഞു.ഇതു സ്വീകരിച്ചാലും വൈദ്യരേ.....എന്റെയൊരു സന്തോഷത്തിന്.....

വലിയ പ്രതിഭലം പ്രതീക്ഷിച്ച വൈദ്യൻ വെറുമോരു സഞ്ചിയാണ് നാട്ടുവാഴി തനിക്കു നൽകുന്നതെന്നറിഞ്ഞപ്പോൾ അൽപം നീരസത്തോടെ പറഞ്ഞു ,ഞാൻ ഉപഹാരങ്ങളല്ല സ്വീകരിക്കാറ്.പണമാണ്. എനിക്കു പണം മതി........!

നാട്ടുവാഴിയുടെ മുഖം മങ്ങി. ശരി എത്രയാണ് നിങ്ങളുടെ പ്രതിഫലം വൈദ്യൻ പ്രതിഫലം പറഞ്ഞു നാട്ടുവാഴി ആ സഞ്ചി തുറന്ന് അട്ടിയാക്കി വച്ചിരുന്ന പണത്തിൽനിന്ന് വൈദ്യൻ ആവശ്യപ്പെട്ടതു നൽകി പിന്നെ സഞ്ചിയുമായി സ്ഥലം വിട്ടു വൈദ്യൻ അന്തംവിട്ട്നിന്നു പോയി സഞ്ചിനിറയെ തനിക്കു നൽകാനുള്ള പ്രതിഫലമായിരുന്നു തന്റെ അത്യാഗ്രഹമാണ് അതു നഷ്ടപ്പെടുത്തിയത്.

# നിലാവേ....

ആദിത്യൻ കെ ബാബു

*വാ വാ നിലാവേ കുളിർ നിലാവേ*
*വാടിയിലോടി വാ പൂനിലാവേ*
*കുഞ്ഞിളം കാറ്റിൽ വിമാനമേറി*
*കൊഞ്ചിക്കുഴഞ്ഞു നീ വാ നിലാവേ*

*ഇല്ലിമുളങ്കാട്ട പാട്ടമോമൽ-*
*പുല്ലാങ്കുഴൽപ്പാട്ട കേൾക്കുവാൻ വാ*
*വള്ളിയിലാടി രസിക്കുവാൻ വാ*
***തുള്ളിക്കളിച്ചു തേനുണ്ണുവാൻ വാ***

# "ക്രിസ്തുമസ് ട്രീ-ജീവന്റെ വൃക്ഷം

*എബിൻ*

***16-ആം നൂറ്റാണ്ടിൽ ജർമൻകാരാണ് ക്രിസ്മസ് ട്രീ എന്ന ആശയം ആഘോഷമാക്കി ക്രസ്മസിനോടിണക്കി ചേർത്തത്.ക്രിസ്മസ് ട്രീക്ക് ഒരു Lutheran Origin ഉള്ളതായി കണക്കാക്കുന്നു.പഴങ്ങളും തോരണങ്ങളും കത്തിച്ച മെഴുകുതിരികളും ഒരു എവർഗ്രീൻ ചെടിയിൽ പ്രതിഷ്ഠിച്ചായിരുന്നു ആദ്യകാല ക്രിസ്മസ് ട്രീ ഒരുക്കിയിരുന്നത്.പിന്നീട് പഴങ്ങൾക്കു പകരം വർണ്ണ കടലാസുകൾ കോണ്ടുണ്ടാക്കിയ പന്തുകളും ബലൂണുകളും വൈദ്യുത ദീപങ്ങളും ട്രീയിൽ ഇടംപിടിച്ചു.ഉൽപത്തി 2:9 ൽ കാണുന്ന ജീവന്റെ വൃക്ഷത്തെ അനുസ്മരിപ്പിക്കുന്ന ബിംബമായി ക്രിസ്മസ് ട്രീ നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളോടോപ്പം നിലകോള്ളുന്നു.***

******************************

# പുണ്യ വിദ്യാലയം

**ജോർജ്ജ്**

പുണ്യമാം ആലയം
എന്റെ  വിദ്യാലയം
വിശ്വം എന്നെ കാട്ടിത്തന്ന
എന്റെ ആത്മപീഠം
വിദ്യയെനിക്ക് പകർന്നുതന്ന
ഗുരുക്കന്മാർ എന്റെ ദൈവങ്ങൾ
വിദ്യ എന്റെ അമ്മ
അക്ഷരങ്ങളും അക്കങ്ങളും
എന്റെ ആത്മതോഴർ
ദേവാലയമാം വിദ്യാലയത്തിൽ
പടവുകൾ കയറി ഞാൻ
അറിവു തേടി അലഞ്ഞു
അറിവുകൾ കാട്ടിതന്നു
അമൃത നിധിയാഠം പുസ്തകങ്ങൾ
ആ അമൃത് കുടിച്ചു  ഞാൻ
ഒരിക്കലും അതെനിക്ക് വിഷമായില്ല
പുണ്യമാം ആലയം എന്റെ  വിദ്യാലയം....

# ഉത്തരം കണ്ടുപിടിക്കാമോ?....

"നനനനന"

**ഇതു ഒരു പെൺകുട്ടിയുടെ പേരാണ്......**

പേരെന്തെന്ന് പറയാമോ?

**ഉത്തരം: അഞ്ചന**



# നന്ദി ...